സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : തിരുവിതാംകൂറിനു് അയച്ചുതന്നതായ അരി വേറെ വല്ല സ്ഥലത്തും കൊണ്ടുപോയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : സമീപകാലത്തു് അങ്ങനെ ഒരു കഴപ്പം പറഞ്ഞിട്ടുണ്ടു്. അതിനെപ്പറ്റി ഈ ഗവണ്മെണ്ടു് അന്വേഷണം നടത്തിയതിൽ അതു റീജനൽ കമ്മീഷന്റെ പിശകുകൊണ്ടായിരുന്നുവെന്നു് ബോദ്ധ്യപ്പെട്ടു.

NEW EDUCATION SCHEME

*167. [29] **Sri. R. K. Ram :** Will the Hon'ble Minister for Education be pleased to state.—

(*a*) whether the attention of the Government been drawn to the speeches made at the meeting on September 10, 1950, under the presidentship of Rev. Dr. George by Mr. E.P. Varghese, President of the R.C. Congress and others criticising the new educational scheme of the Government;

(*b*) what action the Government have taken to remedy the complaints they have made?

Chief Minister **(Sri. T. K. Narayana Pillai):** (*a*) No.

(*b*) Does not arise.

പാഠപുസ്തകങ്ങൾ

*൧൩൫. (൧൦) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിൻ സ്റ്റേറ്റിലെ വിദ്യാലയങ്ങളിലേക്കു് പുസ്തകങ്ങൾ എല്ലാം കിട്ടിയ തീയതി എന്നാണു്;

(ബി) വിദ്യാലയങ്ങൾ തുറന്നു അഞ്ചുമാസക്കാലമായിട്ടും പുസ്തകങ്ങൾ കിട്ടിയിട്ടില്ല എന്ന പരാതികൾ കേൾക്കുന്നതിൽ വല്ല യഥാർത്ഥ്യവും ഉണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഗവണ്മെണ്ടു് പുസ്തകങ്ങൾ പള്ളിക്കൂടം തുറന്നതോടുകൂടിയും മറ്റു പുസ്തകങ്ങൾ കഴിഞ്ഞ ജൂൺ ൨൪-ാംനു- യോടുകൂടിയും വിൽപ്പനക്കു് തയ്യാറായിട്ടുണ്ടായിരുന്നു.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷേ്യസംരക്ഷണവിതരണങ്ങൾ

*൧൩൭. (൧൧) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ക്ഷേ്യസംരക്ഷണവും വിതരണവും മലബാറിലെപ്പോലെ പി. സി. സി. സൊസൈറ്റികൾ മുഖേന നടത്തുന്നതു കൂടുതൽ ലാഭകരവും പ്രായോഗികവും ആകുമോ എന്നു ഒരു താല്ക്കാലികമെങ്കിലും പരീക്ഷാർത്ഥം നോക്കുന്നതിനു ഗവണ്മെണ്ടിലേക്കു് അപേക്ഷകൾ വല്ലതും ലഭിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

ബഹുമാനപ്പെട്ട മെമ്പറിന്റെ ഈ നിർദ്ദേശമല്ലാതെ ഇവയെപ്പറ്റി ഗവണ്മെണ്ടിലേക്കു് വേറെ അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly